**നം.ഇ.എക്സ്.എ4/18700/2024/സി.ജി.ഇ**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,തീയതി: 08.05.2024

# സർക്കുലർ

വിഷയം :- 2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോ കോപ്പി, സ്ക്രൂട്ടിണി, എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന :-16/10/2023 തീയതിയിലെ ഇ.എക്സ്/സി.ജനറൽ(1)/42000/2023/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ ഔദ്യോഗികവെബ്സൈറ്റായ https://sslcexam.kerala.gov.in ൽ **09.05.2024** മുതൽ **15.05.2024** വൈകിട്ട് **4.00** മണി വരെ **Revaluation/Photocopy/Scrutiny Applications** എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ നമ്പറും, ജനനതീയതിയും നൽകുമ്പോൾ വിദ്യാർത്ഥിയുടെ വിവരങ്ങളും നിലവിലെ ഗ്രേഡ് വിവരങ്ങളും കാണാവുന്നതാണ്. അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ നൽകി സേവ് ചെയ്യുമ്പോൾ അപേക്ഷയിൽ സമർപ്പിച്ച വിവരങ്ങൾ കാണാവുന്നതും, ഒരിക്കൽ കൂടി പരിശോധിച്ച് തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ **EDIT** ബട്ടൺ ഉപയോഗിച്ച് വിവരങ്ങൾ തിരുത്താവുന്നതും അല്ലെങ്കിൽ **Confirmation** ചെയ്യാവുന്നതുമാണ്. ഈ രീതിയിൽ **Final Confirmation** നടത്തുമ്പോൾ ലഭ്യമാകുന്ന പ്രിന്റൗട്ടും അപേക്ഷാഫീസും പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാദ്ധ്യാപകന് മെയ് 15-ന് വൈകുന്നേരം **5** മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ **16.05.2024 (2024 മെയ് 16)** വൈകുന്നേരം **5** മണിക്കുമുമ്പ് പ്രഥമാദ്ധ്യാപകൻ **Confirmation** പൂർത്തീകരിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് **400/-**രൂപ, ഫോട്ടോകോപ്പിക്ക് **200/-**രൂപ, സ്ക്രൂട്ടിണിക്ക് **50/-**രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കുവേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. പ്രഥമാദ്ധ്യാപകർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. **15.05.2024-ന് വൈകിട്ട് 5.00 മണിയ്ക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരുകാരണവശാലും പ്രഥമാദ്ധ്യാപകൻ സ്വീകരിക്കുവാൻ പാടുള്ളതല്ല.**

പുനർമൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. **ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അർഹതയില്ല.** എന്നാൽ മൂല്യനിർണ്ണയംചെയ്യാത്ത ഉത്തരങ്ങൾ സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. **എ+** ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്. നിശ്ചിതസമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## പ്രഥമാദ്ധ്യാപകർക്കുള്ള ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ പ്രഥമാദ്ധ്യാപകർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. പ്രഥമാദ്ധ്യാപകർ ഓൺലൈൻ വെരിഫിക്കേഷനും കൺഫർമേഷനും നടത്താത്ത അപേക്ഷകൾ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല. സ്കൂളുകളിൽ സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ വെരിഫിക്കേഷൻ, കൺഫർമേഷൻ എന്നിവ പൂർത്തീകരിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം അതത് പ്രഥമാദ്ധ്യാപകർക്ക് ആയിരിക്കും. കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ്മാറ്റം മൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും, ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. **28.09.2012** ലെ സർക്കാർ **ഉത്തരവ് നം. 4611/2012/പൊ.വി.വ പ്രകാരം** ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽമാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ **“0202–01–102–92 other receipts”** എന്ന കണക്കുശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) ഈ പരിപത്രത്തോടപ്പമുള്ള (സർക്കുലർ) സ്റ്റേറ്റ്മെന്റ് സഹിതം **27.05.2024**–നകം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ **iExaMS HM Login** ലെ **“Revaluation Accounts”** എന്ന ലിങ്കിലൂടെ വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകിയതും, ട്രഷറിയിൽ അടച്ചതുമായ തുകയെ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് ക്രോഡീകരിച്ച് നിശ്ചിത പ്രൊഫോർമയിൽ

**29.05.2024-** ന് മുൻപായി ടി ഓഫീസിലെ **cgeasection@gmail.com** എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരുകാരണവശാലും **27.05.2024-**നുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. (മുൻവർഷം ചില സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്). **27.05.2024-**നകം തുക അടക്കുന്നതിൽ വീഴ്ചവരുത്തുന്നവരിൽ നിന്നും 18% പലിശസഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്കും ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും അയക്കേണ്ടതാണ്.

**പ്രഥമാദ്ധ്യാപകർ അപേക്ഷ കൺഫേം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. **iExaMS login** ചെയ്തശേഷം **Post Examination Menu**-വിൽ നിന്നും **Revaluation Menu**-വിന്റെ **Sub Menu** ആയ **Revaluation Application Verification** വഴി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റ് ലഭ്യമാകും.
2. ഓരോ **Application** -ലും ഉള്ള **View Application** ബട്ടൺ ക്ലിക്ക്ചെയ്താൽ **Application** -ന്റെ വിശദവിവരങ്ങൾ കാണാം. ഈ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ച വിവരങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെട്ടാൽ വെരിഫൈ **Application** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പണം പൂർത്തിയാക്കാവുന്നതാണ്.
3. **Application Verification** പൂർത്തിയാക്കിയ ശേഷം റിപ്പോർട്ട് മെനുവിൽ നിന്നും **Revaluation, Photocopy, Scrutiny** എന്നിവയുടെ അബ്സ്ട്രാക്ട് റിപ്പോർട്ട് ലഭ്യമാണ്.
4. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഹെഡ്മാസ്റ്റർമാർ ഓൺലൈൻ കൺഫെർമേഷൻ നടത്തി തീർക്കേണ്ടതാണ്. **16.05.2024-**ന് വൈകിട്ട് **5** മണിയ്ക്ക് മുമ്പായി എല്ലാ അപേക്ഷകളും പരിശോധിച്ച് **Confirmation** നടത്തിയിരിക്കേണ്ടതാണ്.

**സെക്രട്ടറി**

**പകർപ്പ്-**

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (എല്ലാ ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തിരമായി പകർപ്പ് നൽകേണ്ടതാണ്).
2. സിസ്റ്റംമാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)